## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *344

31.01.2014- ലെ മറുപടിക്ക്

### സഹകരണമേഖല ശക്തിപ്പെടുത്താനും വിപുലീകരിക്കാനും പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ :<br>ശ്രീ. ജി. സുധാകരൻ :<br>ശ്രീ. ഇ.പി. ജയരാജൻ :<br>ശ്രീ. എം. ചന്ദ്രൻ : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണമേഖല ശക്തിപ്പെടുത്തുകയും വിപുലീകരിക്കുകയും ചെയ്യുന്ന കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ സഹകരണ മേഖല ശക്തിപ്പെടുത്തുന്നതിനും, വിപുലീകരിക്കുന്നതിനും സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കുകയെന്നതാണ് സർക്കാരിന്റെ നിലപാട്. ഇതിന്റെ ഭാഗമായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്.<br>സഹകരണ സംഘങ്ങളിലേയും ബാങ്കുകളിയിലേയും വായ്പകുടിശ്ശിക കുറയ്ക്കുന്നതിനും, വായ്പകകളിൽ ഇളവനുവദിക്കുന്നതിനുമായി 2011, 2012, 2014 വർഷങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള 'ആശ്വാസ് പദ്ധതി', 2012-13, 2013-14 വർഷങ്ങളിലെ നിക്ഷേപ സമാഹരണയജ്ഞം, നിക്ഷേപങ്ങൾക്ക് സുരക്ഷ ഉറപ്പാക്കുന്ന ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം, നിയമനങ്ങളിൽ ശാരീരിക വൈകല്യമുള്ളവർക്ക് ഏർപ്പെടുത്തിയ 3% പ്രാതിനിധ്യം, കാർഷിക ഗ്രാമവികസന ബാങ്കുകൾക്ക് പൊതുജനങ്ങളിൽ നിന്നും നിക്ഷേപ സമാഹരണം നടത്തുന്നതിനുള്ള അനുമതി, കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ നൽകുന്നതിനുള്ള കൺസ്യൂമർ ഫെഡിന്റെ വിവിധ പദ്ധതികൾ, ടൂറിസം വികസനത്തിന് 'ടൂർഫെഡ്' എന്ന അപ്പക്സ് സ്ഥാപനം തുടങ്ങിയത്, പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് കേപ്പിന്റെ കീഴിൽ പുതിയ കോളേജുകളും കോഴ്സുകളും ആരംഭിച്ചത്, ആഡിറ്റ് |

ഒബ്ജക്ഷനുകൾ നീക്കം ചെയ്യുന്നതിനുള്ള കർമ്മ പരിപാടി, തിരുവനന്തപുരം, കോഴിക്കോട് ജില്ലാ സഹകരണ ബാങ്കുകൾക്ക് റിസർവ് ബാങ്ക് ലൈസൻസ് ലഭ്യമാക്കിയത്, റിസ്ക് ഫണ്ട് പദ്ധതി പരിഷ്കരിച്ചത്, സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിനുള്ള 'എന്റെ സംഘം' പദ്ധതി, സഹകരണ സംഘം ജീവനക്കാർ, പെൻഷൻകാർ, സംഘം ഭാരവാഹികൾ തുടങ്ങിയവരുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചത്, സഹകരണ നിയമത്തിന്റെ സമഗ്ര ഭേദഗതി, സഹകരണ വകുപ്പിന് ആസ്ഥാന മന്ദിര നിർമ്മാണത്തിനുള്ള നടപടികൾ, 7-ാം സഹകരണ കോൺഗ്രസ്/എക്സ്പോ എന്നിവ സംഘടിപ്പിച്ചത്, ഹ്രസ്വകാല കാർഷിക വായ്പയ്ക്ക് പലിശ രഹിത പദ്ധതി, കർഷക സേവന കേന്ദ്രം പദ്ധതി, വായ്പാമേഖല, മാർക്കറ്റിംഗ്, ഉപഭോക്തൃ, ആരോഗ്യം, വനിത, പട്ടികജാതി/ പട്ടികവർഗ്ഗം എന്നീ മേഖലകളിൽ പഠനം നടത്തുന്നതിനുള്ള വിദഗ്ധ കമ്മിറ്റികളുടെ രൂപീകരണം, ആഡിറ്റ് കുടിശ്ശിക തീർപ്പാക്കൽ, വകുപ്പിന്റെ പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചത് എന്നീ പദ്ധതികൾ ഇവയിലുൾപ്പെടുന്നു. കൂടാതെ നിശ്ചിത ശതമാനം മൂലധന പര്യാപ്തത കൈവരിക്കാൻ കഴിയാത്ത സംസ്ഥാന സഹകരണ ബാങ്കിനും, 6 ജില്ലാ സഹകരണ ബാങ്കുകൾക്കുമായി 199.50 കോടി രൂപയുടെ ഭരണാനുമതി നൽകുകയും സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിലൂടെ ഒരു പ്രദേശത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി ആവിഷ്കരിച്ചിട്ടുള്ള സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി..പി) യുടെ ഒന്നാം ഘട്ടം എല്ലാ ജില്ലകളിലും പൂർത്തിയാക്കുകയും, വയനാട് ജില്ലയിൽ രണ്ടാം ഘട്ടം നടപ്പിലാക്കുകയും, ഇടുക്കി ജില്ലയിൽ രണ്ടാംഘട്ടം നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

ബി) കോർപ്പറേറ്റ് മേഖലകളുടെ ചൂഷണ ത്തിൽനിന്നും സംസ്ഥാനത്തെ ജന ങ്ങളെ സംരക്ഷിക്കുന്നതിന് കൂടുതൽ രംഗത്ത് സഹകരണശൃംഖല സ്ഥാപി ക്കുന്നത് സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ;

(ബി) പൊതു വിപണിയിൽ വിലക്കയറ്റത്തിന് സാദ്ധ്യതയേറുന്ന ഉൽസവകാലങ്ങളിൽ വില ക്കയറ്റം പിടിച്ചുനിർത്തുന്നതിനും, കൃത്രിമ ക്ഷാമം നിയന്ത്രിക്കുന്നതിനും കൺസ്യൂമർ ഫെഡിന് കഴിഞ്ഞിട്ടുണ്ട്.

പ്രധാന നഗരങ്ങളിൽ കൺസ്യൂമർ ഔട്ട് ലെറ്റുകൾ സ്ഥാപിക്കുന്നതിന് കേരള സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡ റേഷൻ (മാർക്കറ്റ്ഫെഡ്) പദ്ധതിയിട്ടിട്ടുണ്ട്.

സ്വയം സഹകരണ സംഘങ്ങൾക്ക് ഓഹരിയിനത്തിൽ ധനസഹായം നൽകി വരുന്നുണ്ട്. കൂടാതെ തിരഞ്ഞെടുത്ത ജില്ലക ളിൽ സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി) നടപ്പിലാക്കി വരുന്നുണ്ട്.

ടൂറിസം രംഗത്തുള്ള സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് ടൂർഫെഡ് എന്ന അപ്പെക്സ് സഹകരണ സ്ഥാപനം ആരംഭി ച്ചിട്ടുണ്ട്. കാർഷിക ഉൽപാദനം വർദ്ധിപ്പിക്കു ന്നതിനും, കാർഷകരെ പ്രോൽസാഹിപ്പിക്കു ന്നതിനുമായി കർഷക സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി യിട്ടുണ്ട്.

സി) നിർമ്മാണ-വിപണന മേഖലകളിൽ സഹകരണ വകുപ്പിന്റെ ഇടപെടൽ സാദ്ധ്യമാകുന്നതു സംബന്ധിച്ച് എന്തെ ങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(സി) നിർമ്മാണ മേഖലയിൽ പഠനം നടത്തിയിട്ടില്ല. എന്നാൽ പ്രാഥമിക മാർക്കറ്റിംഗ് സംഘങ്ങൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിന് സർക്കാർ കമ്മിറ്റി. രൂപീകരിക്കുകയും കമ്മിറ്റി റിപ്പോർട്ട് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| ഡി) | കാർഷികമേഖലയിലും വ്യാപാരമേഖലയിലും കൂടുതൽ സഹായകമാകുന്നതിന് സഹകരണമേഖലയെ ഇടപെടുവിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ തയ്യാറാകുമോ; | ഡി) | കാർഷിക മേഖലയിൽ സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി സാമ്പത്തികമായി മെച്ചമുള്ളതും വരുമാനം ലഭിക്കുന്നതുമായ പ്രോജക്ടുകൾക്ക് ധനസഹായം നൽകുന്നതിന് 2013-14 ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ സംയോജിത സഹകരണ വികസന പദ്ധതി രണ്ടാംഘട്ടം നടപ്പിലാക്കി വരുന്നുണ്ട്. |
| ഇ) | ഇത്തരത്തിലുള്ള ശ്രമങ്ങൾക്ക് ആർ.ബി.ഐ-യുടെ ഇപ്പോഴത്തെ നിലപാടുകൾ വിഘാതമാകുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | സംസ്ഥാനത്തെ സഹകരണ വായ്പാ മേഖലയ്ക്ക് അനുകൂലമല്ലാത്ത റിസർവ് ബാങ്കിന്റെ ചില നിലപാടുകൾ മേഖലയിൽ പ്രയാസമുണ്ടാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ